പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2298**

08.05.2017-ൽ മറുപടിക്ക്

## മലയോരഹൈവേയുടെ കോഴിക്കോട് ജില്ലയിലെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ്.എം.തോമസ് | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മലയോരഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) നാറ്റ്പാക് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ നടത്തേണ്ട പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 1-ാം ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കന്നുകളം മുതൽ തൊട്ടിൽപ്പാലം വരെയുള്ള 17.2 കി.മീ. റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ തൊട്ടിൽപ്പാലം മുതൽ പെരുവണ്ണാമൂഴി വരെ 13 കി.മീ, മാലാപ്പുറം മുതൽ കോടഞ്ചേരി വരെ 8.30 കി.മീ, കോടഞ്ചേരി മുതൽ കൂടരഞ്ഞി വരെ 15.4 കി.മീ, കൂടരഞ്ഞി മുതൽ കക്കാടംപൊയിൽ വരെ 15 കി.മീറ്ററും ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ പുല്ലുവാ മുതൽ കന്നുകളം വരെ 10 കി.മീ, പെരുവണ്ണാമൂഴി മുതൽ മാലാപ്പുറം വരെ 33.7 കി.മീ, കക്കാടംപൊയിൽ മുതൽ അരുണപ്പുഴ വരെ 5 കി.മീ റോഡും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച ഫയൽ പരിശോധിച്ചു വരുന്നു. |
| (ബി) അലൈൻമെന്റ് അംഗീകാരത്തിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ; | (ബി) നാറ്റ്പാക് തയ്യാറാക്കി സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) സ്ഥലം വിട്ടുകിട്ടിയ പ്രദേശങ്ങളിൽ ഈ വർഷം തന്നെ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) മുൻഗണനാ ക്രമത്തിൽ പ്രവൃത്തി ഈ വർഷം തന്നെ തുടങ്ങുവാനാണ് തീരുമാനമായിരിക്കുന്നത്. കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) പ്രസ്തുത പ്രദേശങ്ങളിൽ ഈ വർഷം തന്നെ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ